(എഫ്) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും ഇത്തരം ഐഡന്റിറ്റി കാർഡുകൾ എപ്പോൾ പൂർണ്ണമായും നല്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

(എ & ബി) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പെൻഷൻകാർക്കും, തൊഴിൽക്ഷേമ പെൻഷൻകാർക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭഘട്ടമായി പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നും ഐഡന്റിറ്റി കാർഡുകൾക്കുവേണ്ട വിവരങ്ങൾ ശേഖരിക്കുകയും കെൽട്രോൺ മുഖേന ഐഡന്റിറ്റി കാർഡിനുവേണ്ട format-ൽ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്തു വരികയും ചെയ്യുന്നു.

(സി) ഏകദേശം 12 ലക്ഷം കാർഡുകൾ.

(ഡി) 540 ലക്ഷം രൂപ.

(ഇ) കാർഡുകൾ ആർക്കും നൽകിയിട്ടില്ല.

(എഫ്) 4 മുതൽ 6 മാസത്തിനുള്ളിൽ ഐഡന്റിറ്റി കാർഡുകൾ പൂർണ്ണമായും നൽകാൻ കഴിയുമെന്നാണ് കരുതുന്നത്.

മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

10 (*520) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ;

(ബി) ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സംസ്ഥാനത്തെ മാനസിക രോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് സർക്കാരിന് നൽകിയിട്ടുള്ള ഉപദേശങ്ങൾ എന്തെല്ലാമാണ് ; അത് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) താലൂക്ക് ആശുപത്രിതലം മുതൽ മാനസികരോഗ ചികിത്സയ്ക്ക് സൗകര്യം ഏർപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

(എ & ബി) തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം -1) *

(സി) സംസ്ഥാനത്തെ മാനസികാരോഗ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, നിയന്ത്രിക്കുക, വികസിപ്പിക്കുക, മനോരോഗ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക, മനോരോഗ ചികിത്സാരംഗവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ആവശ്യമായ ഉപദേശം നൽകുക, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന രീതിയിൽ മാനസികാരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പ്രധാന ഉത്തവാദിത്വം. ഇതിന്റെ ഭാഗമായി മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മെച്ചപ്പെട്ട പ്രവർത്തന രീതികൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ഉപദേശങ്ങളും സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് മെന്റൽ ഹെൽത്ത് അതോറിറ്റി സംസ്ഥാന സർക്കാരിന് നൽകിവരുന്നു. ഇത്തരത്തിൽ മെന്റൽ ഹെൽത്ത് അതോറിറ്റി സർക്കാരിന് നൽകുന്ന ശുപാശകളും മാർഗ്ഗ നിർദ്ദേശങ്ങളും അടിസ്ഥാനപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു

സംസ്ഥാനത്ത് നടപ്പിലാക്കേണ്ട സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് രൂപീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ട് ചെലവഴിക്കുന്നതിൽ മേൽനോട്ടവും ഇവ കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സർക്കാരിന് നൽകുന്നു. തിരുവനന്തപുരം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നുമുള്ള മാനസിക രോഗികളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടവും വഹിക്കുന്നു.

(ഡി) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും രോഗികൾക്കാവശ്യമായ മരുന്ന്, കിടക്ക, വസ്ത്രം എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യാനുസരണം ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നുമുള്ള മാനസിക രോഗികളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പുനരധിവാസ പ്രവർത്തനങ്ങൾക്കും നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ഒക്യുപ്പേഷണൽ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതോടെ 13 താലൂക്കാശുപത്രികളിൽ സൈക്യാട്രിസ്റ്റിന്റെ തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ ആശുപത്രികളിൽ മാനസിക രോഗ ചികിത്സാ സൗകര്യം ഘട്ടംഘട്ടമായി ഏർപ്പെടുത്തും.

പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി

11 (*521) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു:
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം ഓരോ ജില്ലയിലും 2009 -10 വർഷത്തിൽ എത്ര വ്യവസായ യൂണിറ്റുകളെ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഈ വ്യവസായ യൂണിറ്റുകളിൽ പുനരുദ്ധരിക്കാൻ കഴിഞ്ഞവ എത്രയെണ്ണം വീതമാണെന്ന് വ്യക്തമാക്കുമോ ; ഇവയിൽ വനിതാ വ്യവസായ യൂണിറ്റുകൾ എത്ര വീതമുണ്ട് ;

(സി) പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനു സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):

(എ) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം 2009-10 വർഷത്തിൽ, പുനഃരുദ്ധാരണത്തിനായി കണ്ടെത്തിയ വ്യവസായ യൂണിറ്റുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ താഴെ പറയുന്നു.

	ജില്ല	എണ്ണം
	(1)	(2)
1.	തിരുവനന്തപുരം	20
2.	കൊല്ലം	28
3.	പത്തനംതിട്ട	20
4.	ആലപ്പുഴ	39
5.	കോട്ടയം	19
6.	ഇടുക്കി	22
7.	എറണാകുളം	23

LIBRARY ARCHIVES Kerala Legislative Assembly